# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1551 13.6.2014-ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴിയുടെയും മുട്ടയുടെയും ഉത്പ്പാദനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. സി.കെ.സദാശിവൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്രതിമാസം ആവശ്യമായ കോഴിയിറച്ചിയുടെയും മുട്ടയുടെയും ശരാശരി അളവ് എത്രയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | എ) കോഴിയിറച്ചിയുടെ പ്രതിമാസ ശരാശരി ഉപഭോഗം 20,000 ടണ്ണിനും 22,000 ടണ്ണിനും മധ്യേയാണെന്നും മുട്ടയുടെ ശരാശരി ആവശ്യകത 45.63 കോടിയാണെന്നും കണക്കാക്കുന്നു |
| ബി) സംസ്ഥാനത്തിനാവശ്യമായ കോഴിയിറച്ചിയുടേയും മുട്ടയുടേയും എത്ര ശതമാനമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ ; | ബി) കോഴിയിറച്ചിയുടെ ആഭ്യന്തര ഉൽപാദനം സംസ്ഥാനത്ത് ആവശ്യമായതിന്റെ ഏകദേശം 30% ഉം മുട്ടയുടെ ആഭ്യന്തര ഉല്പാദനം ഏകദേശം 45% ഉം ആണ്. |
| സി) കൂടുതൽ ഉത്പാദനത്തിനാവശ്യമായ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | സി) ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിലൂടെ പല ബൃഹത്പദ്ധതികളും നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തി അതിലൂടെ മുന്തിയയിനം കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 2.7 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സ്കൂൾ കുട്ടികൾക്ക് ഈ മേഖലയിൽ താത്പര്യം ഉണ്ടാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് അപ്പർപ്രൈമറി സ്കൂളുകളിലെ 51000 കുട്ടികൾക്ക് 5 കോഴിക്കുഞ്ഞു വീതം നൽകുന്നതിന് ബഡ്ജറ്റിൽ 3.33 കോടി രൂപ വകയിരുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര മുട്ടയുത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പിന്നാമ്പുറ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 2470 കർഷകർക്ക് 20 താറാവ് കുഞ്ഞുങ്ങളെ സൗജന്യമായി നൽകുന്ന പദ്ധതിയ്ക്ക് 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. മുട്ടയുടെ ആഭ്യന്തര ഉത്പാദന പ്രക്രിയയെ |

| | |
|---|---|
| | പരിപോഷിപ്പിക്കുവാൻ വിവിധ പദ്ധതികളിലൂടെ അടുക്കള മുറ്റത്തെ കോഴി വളർത്തൽ രംഗം ഊർജ്ജിതപ്പെടുത്തുവാനും , കോഴി വളർത്തൽ രംഗം ലാഭകരമാക്കി വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാനാവശ്യമായ സഹായങ്ങൾ ചെയ്യുവാനും കെപ്കോ ശ്രമിച്ചു വരുന്നുണ്ട്. ഇതിനായി കേരളത്തിലെ കോഴിവളർത്തൽ രംഗത്തേയ്ക്ക് വരാൻ താത്പര്യമുള്ളവരെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മണിക്കൂറിൽ 1000 ഇറച്ചി കോഴികളെ സംസ്കരിച്ചെടുക്കുവാൻ കഴിയുന്ന രണ്ടാമത്തെ ആധുനിക സംസ്കരണശാല സ്ഥാപിക്കുന്ന പ്രവർത്തനവുമായി പൗൾട്രി വികസന കോർപ്പറേഷൻ മുന്നോട്ട് പോകുകയാണ്. ഈ യൂണിറ്റിനാവശ്യമായ ഇറച്ചിക്കോഴികളുടെ ഉത്പാദനത്തിനായി സംസ്ഥാനത്ത് ആകമാനം ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള സംയോജിത ഫാമുകൾ വിപുലപ്പെടുത്തുന്നതാണ്. ഇതു വഴി ധാരാളം കർഷകർ ഈ രംഗത്തേയ്ക്ക് വരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ നിലവിൽ കോഴികർഷകരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്തുക, കൂടുതൽ പേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുക എന്നീ ലക്ഷ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ കെപ്കോ വഴി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| ഡി) ഇറച്ചിക്കോഴിയും മുട്ടയും ഉത്പാദിപ്പിക്കുന്നതിന് സഹകരണ സംഘങ്ങളുമായി ചേർന്ന് കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ശ്രമം നടത്തുമോ? | ഡി) മൃഗസംരക്ഷണ വകുപ്പ് മുഖേന ഇറച്ചിക്കോഴിയും മുട്ടയും ഉത്പാദിപ്പിക്കുന്നതിന് സഹകരണ സംഘങ്ങളുമായി ചേർന്ന് പദ്ധതികൾ ഒന്നും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നില്ല.എങ്കിലും ഇക്കാര്യം പരിശോധിക്കുന്നതാണ്. |

Seele

സെക്ഷൻ ഓഫീസർ